# കേരള സർവകലാശാല

നം. പി.ആർ.039/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## മലയാളം ഓറിയന്റേഷൻ പ്രോഗ്രാം

'ഭരണഭാഷ മാതൃഭാഷ' വാർഷികാഘോഷങ്ങളുടെ ഭാഗമായി കേരള സർവകലാശാല ജീവനക്കാർക്കു വേണ്ടി ഒരാഴ്ച നീണ്ടു നിൽക്കുന്ന മലയാളം ഓറിയന്റേഷൻ പ്രോഗ്രാമിന് ഇന്ന് തുടക്കമായി. സർവകലാശാല മലയാള വിഭാഗം മേധാവി ഡോ. ബി.വി ശശികുമാറാണ് പ്രഥമ ക്ലാസ്സ് നയിച്ചത്. തുടർന്ന്, എം.ജി കോളേജ് മലയാള വിഭാഗം അസോസിയേറ്റ് പ്രൊഫ. ഡോ. അജയപുരം ജ്യോതിഷ്കുമാർ ക്ലാസ്സെടുത്തു. മലയാള ഭാഷാ വിദഗ്ദരായ ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഡോ. വിളക്കുടി രാജേന്ദ്രൻ, ഡോ. എഴുമറ്റൂർ രാജരാജവർമ്മ തുടങ്ങിയവർ വരും ദിവസങ്ങളിൽ ക്ലാസ്സുകൾ നയിക്കും.

## എം.ഫിൽ ഫലം

2017 ഒക്ടോബറിൽ നടത്തിയ എം.ഫിൽ റഗുലർ (2016-17 ബാച്ച് - തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്) ഹിസ്റ്ററി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.പി.എ ടൈംടേബിൾ

മാർച്ച് ഒന്നിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.പി.എ റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി പരീക്ഷ

മാർച്ച് ഒന്നിന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി ജിയോഗ്രാഫി പരീക്ഷ (ജി.ഒ 231 - അർബൻ ജിയോഗ്രാഫി) മാർച്ച് ഒൻപതിന് നടത്തുന്നതാണ്.

## എൽ.എൽ.ബി ഫലം

2017 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (റഗുലർ/ഈവനിംഗ്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒൻപത് വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2017 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചവർ ഫെബ്രുവരി 21 മുതൽ 27 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി പുനപരിശോധനാവിഭാഗത്തിൽ (EJ 1സെക്ഷൻ) എത്തിച്ചേരേണ്ടതാണ്.

## ബി.എച്ച്.എം പരീക്ഷ

ജനുവരി, ഫെബ്രുവരിയിൽ നടത്തിയ ഏഴ്, അഞ്ച് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) ഏഴാം സെമസ്റ്റർ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 20, 26, 27, 28 തീയതി

കളിലും അഞ്ചാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി 21, 22, 23 തീയതികളിലും അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം ഫലം

2017 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014 സ്കീം-റഗുലർ) & സപ്ലിമെന്ററി, 2011 സ്കീം-സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനുള്ള അവസാന തീയതി മാർച്ച് 17.

2017 ആഗസ്റ്റിൽ നടന്ന ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014 സ്കീം-റഗുലർ) & സപ്ലിമെന്ററി, 2011 സ്കീം-സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനുള്ള അവസാന തീയതി മാർച്ച് 19.

## ബി.എസ്സി പ്രാക്ടിക്കൽ

2017 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്സി ബയോകെമിസ്ട്രി (കോർ) വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 23 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
19.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in